"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ഡോ. പ്രതാപൻ എസ്. എൽ, സീനിയർ സൂപ്രണ്ടിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**51/2026/WCDD** തീയതി,തിരുവനന്തപുരം, **31-01-2026**

---

പരാമർശം:-

1. സ.ഉ(സാധാ)നം. **25/2022/WCDD**, തീയതി. **12/01/2022**
2. സ.ഉ(സാധാ)നം. **94/2023/WCDD**, തീയതി. **16/02/2023**
3. സ.ഉ(സാധാ)നം. **12/2024/WCDD**, തീയതി. **06/01/2024**
4. സ. ഉ(സാധാ)നം. **60/2025/WCDD**, തീയതി. **11/02/2025**
5. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. **A3/131/2022/KWC**, തീയതി. **16/12/2025**

**ഉത്തരവ്**

തൃശ്ശൂർ കേരള കാർഷിക സർവകലാശയിൽ സെക്ഷൻ ഓഫീസറായി ജോലി ചെയ്തു വരവെ ഡോ. എസ്. എൽ പ്രതാപനെ പരാമർശം **(1)** പ്രകാരം കേരള വനിതാ കമ്മീഷനിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്ന്, പരാമർശം **(2)**, **(3)**, **(4)** എന്നിവ പ്രകാരം അദ്ദേഹത്തിന്റെ അന്യത്രസേവന കാലാവധി ഓരോ വർഷം വീതം ദീർഘിപ്പിച്ചു നൽകുകയുണ്ടായിരുന്നു. തന്റെ അന്യത്രസേവന കാലാവധി **18/01/2026**-ന് അവസാനിക്കുന്നതിനാൽ അത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. എസ്. എൽ പ്രതാപൻ സമർപ്പിച്ച അപേക്ഷ, അദ്ദേഹത്തിന്റെ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം സഹിതം ശിപാർശ ചെയ്തുകൊണ്ട്, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം **(5)** പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുകയാണ്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച്, അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ സീനിയർ സൂപ്രണ്ട് ഡോ. എസ്. എൽ പ്രതാപന്റെ കമ്മീഷനിലെ അന്യത്രസേവന കാലാവധി **19/01/2026** മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, വെള്ളാണിക്കര, തൃശ്ശൂർ **(NOC No. KAUGA/4823/2023-GA-A3**, തീയതി. **02/12/2025** പ്രകാരം)
ഡോ. എസ്. എൽ പ്രതാപൻ, സീനിയർ സൂപ്രണ്ട് **(on deputation)**, കേരള വനിതാ കമ്മീഷൻ ( മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 31-01-2026 16:38:51